(സി) ചാർജ്ജ് വർദ്ധിപ്പിച്ചിട്ടുണ്ടെങ്കിൽ പിൻവലിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേരളത്തിലെ ഗ്രന്ഥശാലകൾക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതിന് മുൻഗണനയില്ല. കേരള ഗ്രന്ഥശാല സംഘത്തിന്റെ അംഗീകാര മുള്ള ഗ്രന്ഥശാലകൾക്ക് (2000 വാട്ട് വരെ കണക്ടഡ് ലോഡ് ഉള്ളവ) ഗാർഹിക ഉപഭോക്താക്കളിൽ നിന്ന് ഈടാക്കി വരുന്ന വൈദ്യുതി നിരക്കാണ് അനുവദിച്ചിട്ടുള്ളത്. കണക്ടഡ് ലോഡ് 2000 വാട്ടിന് മുകളിലുള്ളവയ്ക്ക്, വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുള്ള എൽ.റ്റി. 6 എ താരിഫാണ് ബാധകമായിട്ടുള്ളത്. വിശദവിവരം ചുവടെ ചേർക്കുന്നു.

പ്രതിമാസ ഉപഭോഗം (യൂണിറ്റ്)	5.5.1999-നുശേഷം നിലവിലുള്ള നിരക്ക് (പൈസ യൂണിറ്റിന്)
40 വരെ	105
41-80 വരെ	150
81-120 വരെ	165
121-150 വരെ	195
151-200 വരെ	245
201-300 വരെ	325
301-ന് മുകളിൽ	425

(ബി)&(സി) വെട്ടിക്കുറച്ചിട്ടില്ല. എന്നാൽ, ഈ സർക്കാർ അധികാര ത്തിൽ വന്നതിനുശേഷം പഞ്ചായത്തതിർത്തിയ്ക്കകത്തുള്ളവയ്ക്കും, പുറത്തു ള്ളവയ്ക്കും, കേരള ഗ്രന്ഥശാലാ സംഘത്തിന്റെ അംഗീകാരം ഉള്ളവയ്ക്കും ഇല്ലാത്തവയ്ക്കും ഗാർഹികേതര നിരക്കിൽ നിന്നും മാറ്റി കുറഞ്ഞ ഏകീകൃത നിരക്ക് കൊണ്ടുവന്നിട്ടുണ്ട്.

94 (1948) ഇലക്ട്രിസിറ്റി ബോർഡിലെ ഒഴിവുകൾ

ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക്. വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ ഇപ്പോൾ വിവിധ സെക്ഷനുകളിലായി ഏതെല്ലാം ഒഴിവുകളാണുള്ളത്; ജില്ല തിരിച്ച് വ്യക്തമാ ക്കാമോ;

(ബി) ഇപ്പോൾ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുള്ള തസ്തികകൾ ഏതെല്ലാമാണ്;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഏതെല്ലാം തസ്തികകളിലാണ് കോൺട്രാക്ട് അടിസ്ഥാനത്തിലും, ദിവസ വേതന അടിസ്ഥാനത്തിലും ജീവനക്കാരെ നിയമിച്ചിരുന്നത് എന്ന് വ്യക്തമാക്കാമോ;

(ഡി) അസിസ്റ്റന്റ് എഞ്ചിനീയർ ഇലക്ട്രിക്കലിന്റെ എത്ര ഒഴിവുകൾ നിലവിലുണ്ട്; ഈ തസ്തികയിൽ ഇപ്പോൾ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ;

(ഇ) എങ്കിൽ ലിസ്റ്റിൽ നിന്നും നിയമനം നടത്താതെ കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമനം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) താൽക്കാലിക അടിസ്ഥാനത്തിൽ നിയമിച്ചവരെ പിരിച്ചുവിട്ട് പി.എസ്.സി. റാങ്ക് ലിസ്റ്റിലുള്ളവരെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വിവിധ തസ്തികകളിലെ മൊത്തം ഒഴിവുകൾ ചുവടെ ചേർക്കുന്നു.

1.	അസിസ്റ്റന്റ് എക്സി. എഞ്ചിനീയർ (ഇല.)	–	20
2.	അസി. എക്സ്. എഞ്ചിനീയർ (സിവിൽ)	–	12
3.	അസി. എഞ്ചിനീയർ (ഇലക്ട്രിക്കൽ)	–	593
4.	അസി. എഞ്ചിനീയർ (സിവിൽ)	–	110
5.	സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)	–	54
6.	സബ് എഞ്ചിനീയർ (സിവിൽ)	–	400
7.	ഓവർസിയർ (സിവിൽ)	–	84
8.	ഓവർസിയർ (ഇലക്ട്രിക്കൽ)	–	800
9.	സീനിയർ സൂപ്രണ്ട്	–	30
10.	സീനിയർ അസിസ്റ്റന്റ്	–	165
11.	ജൂനിയർ അസി./കാഷ്യർ	–	55
12.	ലൈൻമാൻ	–	928
13.	ഡ്രൈവർ	–	192
14.	ഇലക്ട്രിസിറ്റി വർക്കർ	–	695
15.	ടൈപ്പിസ്റ്റ്	–	60

ജില്ല തിരിച്ചുള്ള കണക്ക് ഉടനെ ലഭ്യമല്ല.

(ബി) ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ, സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ).

(സി) അസിസ്റ്റന്റ് എഞ്ചിനീയർ, സബ് എഞ്ചിനീയർ, ഓഫീസ് അസിസ്റ്റന്റ്, ജൂനിയർ അസിസ്റ്റന്റ്/സീനിയർ അസിസ്റ്റന്റ്, കാഷ്യർ, മീറ്റർ റീഡർ, ഓവർസീയർ, ഡ്രൈവർ, ടൈപ്പിസ്റ്റ്, സ്കിൽഡ് വർക്കർ തുടങ്ങിയ തസ്തികകളിലും, ലാസ്റ്റ് ഗ്രേഡ് വിഭാഗത്തിലെ ഏതാനും തസ്തികകളിലും നിയമിച്ചിട്ടുണ്ട്.

(ഡി) 593 ഒഴിവുകളുണ്ട്. റാങ്ക് ലിസ്റ്റ് നിലവിലുണ്ട്.

(ഇ) ഇല്ല.

1094/2010.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) റാങ്ക് ലിസ്റ്റ് നിലവിലുള്ള തസ്തികകളിൽ താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരെ കോടതി വിലക്കുകൾ നിലവിലില്ലെങ്കിൽ സേവനം അവസാനിപ്പിച്ച് പി.എസ്.സി. ലിസ്റ്റിൽ നിന്നും നിയമനം നടത്തുവാൻ നിർദ്ദേശം നൽകുന്നതാണ്.

95 (1949) ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ നിയമനം

ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ തസ്തികകളിൽ കരാർ അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; എങ്കിൽ ഈ ലിസ്റ്റിൽ നിന്ന് നിയമനം നടത്തുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഉണ്ട്. നിയമനം നടത്തുന്നുണ്ട്.

96 (1950) വൈദ്യുതി ബോർഡിൽ ദിവസക്കൂലിക്ക് ജീവനക്കാർ

ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഇലക്ട്രിസിറ്റി ബോർഡിൽ ദിവസക്കൂലി അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമനം നടത്തുന്ന പതിവുണ്ടോ;

(ബി) എങ്കിൽ നിലവിൽ കെ.എസ്.ഇ.ബി. യിൽ എത്ര പേർ ഇപ്രകാരം ജോലി ചെയ്യുന്നുണ്ട്;

(സി) ഇവരെ നിയമിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും കോടതി വിധി ഉണ്ടായിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത് നടപ്പിലാക്കാൻ എന്ത് നടപടി കൈക്കൊണ്ടിട്ടുണ്ട് എന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഫീൽഡ് ഓഫീസുകളിൽ സ്ഥിരം ജീവനക്കാരുടെ ഉദ്യോഗക്കയറ്റം, സ്ഥലംമാറ്റം എന്നിവമൂലം വരുന്ന ഒഴിവുകളിൽ താൽക്കാലികാടിസ്ഥാനത്തിൽ അത്യാവശ്യജോലികൾ ചെയ്യുന്നതിനുവേണ്ടി നിയോഗിക്കുന്ന പതിവുണ്ട്.

(ബി) 1999 മേയ് മാസത്തിലെ കണക്കുപ്രകാരം 1288 പേർ ജോലി ചെയ്തിരുന്നു.

(സി) ചില തസ്തികകളിലേയ്ക്ക് ദിവസക്കൂലി അടിസ്ഥാനത്തിൽ നിയമനം നടത്തുവാൻ പാടില്ലെന്ന് കോടതിവിധി നിലവിലുണ്ട്.

(ഡി) കോടതിവിധി നടപ്പിലാക്കുന്നതിലേക്കായി ദിവസക്കൂലി അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർക്ക് പകരം എംപ്ലോയ്മെന്റ് എക്സ്ചേ

LIBRARY ARCHIVES Kerala Legislative Assembly